(സി) പി.എസ്.സി. യിലെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്, വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദീർഘകാല അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച് ഒരു വർഷം പൂർത്തീകരിക്കാത്ത ഒരു വ്യക്തിയെ DPC ചേർന്ന സമയത്ത് സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. എന്നാൽ ഒരു വർഷം പൂർത്തീകരിക്കവേ 31-1-2013-ൽ, നിലവിൽ വന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്ന പരാതി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം DPC കൂടി സീനിയോറിറ്റി 1-2-13 മുതൽ പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് OA (EKM) 121/15, OA 1711/15 എന്നീ കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലുണ്ട്. അതിൽ OA 121/15 കേസിൽ വിധി ആയിട്ടുണ്ട്. വിധിപ്പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) നിലവിലെ സർവ്വീസ് ചട്ടങ്ങൾ പാലിച്ചാണ് പി.എസ്.സി. നടപടികൾ സ്വീകരിക്കുന്നത്.

**പി.എസ്.സി. നിയമനവും റിസർവേഷൻ മാനദണ്ഡങ്ങളും**

**46 (3552)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുമ്പോൾ നിലവിലുള്ള റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും (പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 205/09-ൽ ഏതെല്ലാം റൊട്ടേഷൻ പോയിന്റുകളിലാണ് ധീവര വിഭാഗത്തിലുള്ളവർ വന്നിട്ടുള്ളതെന്നും അവരിൽ എത്ര പേരുടെ നിയമനങ്ങൾ നടന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം ജില്ല) ധീവര വിഭാഗത്തിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും അത് ഏതെല്ലാം റൊട്ടേഷനിൽ നിന്നാണെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് പി.എസ്.സി. ഉറപ്പുവരുത്തുന്നുണ്ട്. ഇതു കൂടാതെ പാകപ്പിഴകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ LD Typist തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിന്റെ ടേണിൽ രണ്ട് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

(സി) തിരുവനന്തപുരം ജില്ലയിൽ 17-05-2012 ന് നിലവിൽ വന്ന LD Typist തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിലെ 4 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

**പി.എസ്.സി. സെക്രട്ടറി പദത്തിൽനിന്നും ശ്രീ. സാജു ജോർജിനെ പുറത്താക്കാൻ നീക്കം**

**47 (3553)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. സെക്രട്ടറി പദത്തിലെത്തിയ പട്ടികവർഗ്ഗക്കാരനായ ശ്രീ. സാജു ജോർജിനെ പ്രസ്തുത സ്ഥാനത്തുനിന്ന് പുറത്താക്കുന്നതിന് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറി പദത്തിലേക്ക് പി.എസ്.സി. നിർദ്ദേശിച്ചതു മുതൽ ഇതുവരെയുള്ള നടപടിക്രമങ്ങൾ തീയതി ക്രമത്തിൽ വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ സർവീസിലെത്തി 18 വർഷം സേവനം പൂർത്തീകരിച്ച് പി.എസ്.സി. സെക്രട്ടറി ആകാൻ യോഗ്യനെന്ന് കണ്ടെത്തിയതിന് ശേഷം ശ്രീ. സാജു ജോർജിനെതിരെ വ്യാജ പരാതി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) സർവീസ് കാര്യങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പി.എസ്.സി കൈകാര്യം ചെയ്യുന്നത് എന്നത് ഗൗരവമായി കാണുമോ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ;